# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2546 | 12.06.2018 - ൽ മറുപടിക്ക്

## നിപ വൈറസ് ഭീതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ നിപ വൈറസ് ഭീതി ടൂറിസം മേഖലയെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | നിപ വൈറസ് ബാധിതമായ കേരളത്തിലെ രണ്ട് ജില്ലകളായ മലപ്പുറത്തും കോഴിക്കോട്ടും വിനോദ സഞ്ചാര കേന്ദ്രങ്ങൾ കുറവാണ്. മാത്രമല്ല അവിടങ്ങളിൽ നിപ വൈറസ് ബാധ നിയന്ത്രണവിധേയവുമാണ്. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും, ടൂറിസം വ്യവസായ പ്രതിനിധികളുമായി 27.05.2018-ൽ നടന്ന ചർച്ചയിൽ വിനോദ സഞ്ചാരികളുടെ വരവിൽ മാറ്റമൊന്നുമുണ്ടായിട്ടില്ല എന്നും എന്നാൽ പ്രീ ബുക്കിംഗിൽ 10% കുറവ് സംഭവിച്ചിട്ടുണ്ടെന്നും വിലയിരുത്തി. നിപ വൈറസ് ഭീഷണി സംബന്ധിച്ച് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ നിന്നും ഹെൽത്ത് അഡ്വൈസറി പുറപ്പെടുവിച്ചിരുന്നു. നിപ വൈറസ് ഭീഷണി ടൂറിസം രംഗത്തെ കാര്യമായി ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ